REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **05-06-2025** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **ഭൂമിയെ സംരക്ഷിക്കുമെന്ന തീരുമാനവും, പ്രതിബദ്ധതയും കൂടുതൽ ശക്തിപ്പെടുത്തണമെന്ന് ലോക പരിസ്ഥിതി ദിനത്തിൽ രാഷ്ട്രപതിയും, ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും ആഹ്വാനം ചെയ്തു.**
- **ആവാസ വ്യവസ്ഥയുടെ സംരക്ഷണം കൂട്ടായ ഉത്തരവാദിത്വമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.**
- **കാർബൺ ബഹിർഗമനം കുറയ്ക്കാൻ റെയിൽവെ ശ്രമങ്ങൾ ത്വരിതപ്പെടുത്തിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ്.**
- **ബംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലെ ദുരന്തത്തിൽ പൊതുതാൽപര്യ ഹർജി കർണാടക ഹൈക്കോടതി ഉച്ചകഴിഞ്ഞ് പരിഗണിക്കും.**
- **അറഫാ സംഗമം ഇന്ന് - ലക്ഷക്കണക്കിന് വിശ്വാസികൾ പങ്കെടുക്കുന്നു.**

## വാർത്തകൾ വിശദമായി

ഭൂമിയെ സംരക്ഷിക്കുമെന്ന ഉറച്ച തീരുമാനവും, പ്രതിബദ്ധതയും കൂടുതൽ ശക്തിപ്പെടുത്താൻ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകറും, പ്രധാനമന്ത്രി നരേന്ദ്രമോദിയും ലോക പരിസ്ഥിതി ദിനത്തിൽ ജനങ്ങളെ ആഹ്വാനം ചെയ്തു.

പരിസ്ഥിതിക്കു വേണ്ടി നടത്തുന്ന ഓരോ പ്രവർത്തനവും കൂട്ടായ ശ്രമങ്ങളായി മാറി, മാറ്റങ്ങൾക്ക് വഴിയൊരുക്കുമെന്നും, ഭൂമിയെ കൂടുതൽ ഹരിതാഭമാക്കി

മാറ്റുമെന്നും രാഷ്ട്രപതി ദ്രൗപതി മുർമു സാമൂഹിക മാധ്യമത്തിൽ കുറിച്ചു. പരിസ്ഥിതി സൗഹൃദപരമായ സ്വഭാവം വളർത്തിയെടുക്കണമെന്നും അവർ ആവശ്യപ്പെട്ടു.

ജീവജാലങ്ങളുടെ ക്ഷേമം, ഭൂമിയുടെ ആരോഗ്യവുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ അഭിപ്രായപ്പെട്ടു. സംശുദ്ധവും, ഹരിതാഭവും, ശോഭനീയവുമായ ഭാവി എല്ലാവർക്കും ലഭ്യമാക്കാൻ കൂട്ടായ പ്രവർത്തനം ആവശ്യമാണെന്നും അദ്ദേഹം സാമൂഹിക മാധ്യമ കുറിപ്പിൽ പറഞ്ഞു.

ലോക പരിസ്ഥിതി ദിനത്തിൽ, ഭൂമിയെ സംരക്ഷിക്കാനും വെല്ലുവിളികളെ അതിജീവിക്കാനും ശ്രമങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ജനങ്ങളോട് അഭ്യർത്ഥിച്ചു. പരിസ്ഥിതിയെ ഹരിതാഭവും മികച്ചതുമാക്കാൻ പ്രവർത്തിക്കുന്ന എല്ലാവരെയും പ്രധാനമന്ത്രി അഭിനന്ദിച്ചു. പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത ചിത്രീകരിച്ച വിഡിയോയും അദ്ദേഹം പങ്കുവെച്ചു.

ന്യൂഡൽഹിയിലെ ഭഗവാൻ മഹാവീർ വനസ്ഥലി പാർക്കിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി  വൃക്ഷത്തൈ നടുന്ന പരിപാടിക്ക് നേതൃത്വം നൽകി. 'ഏക് പേഡ് മാ കേ നാം' സംരംഭത്തിന്റെ ഭാഗമായി അദ്ദേഹം പാർക്കിൽ ആൽമരത്തൈ നട്ടു. ഡൽഹി ഗവൺമെന്റിന്റെ സുസ്ഥിര ഗതാഗത പദ്ധതിയുടെ ഭാഗമായി 200 വൈദ്യുത ബസുകളും പ്രധാനമന്ത്രി ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

ഇന്ത്യൻ റെയിൽവെ കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിന് ശ്രമങ്ങൾ ത്വരിതപ്പെടുത്തിയതായി കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് അറിയിച്ചു.  2070 ഓടെ പൂർണമായും കാർബൺ ബഹിർഗമനം ഇല്ലാതാക്കുകയെന്ന പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ 'പഞ്ചാമൃത ലക്ഷ്യം' കൈവരിക്കുന്നതിന്റെ ഭാഗമായാണ് നടപടികളെന്ന് ഒരു ഇംഗ്ലീഷ് പത്രത്തിലെ ലേഖനത്തിൽ അശ്വിനി വൈഷ്ണവ് വ്യക്തമാക്കി. റെയിൽവെ ഈ ലക്ഷ്യം കൈവരിക്കാൻ ബഹുമുഖ തന്ത്രങ്ങൾ ആവിഷ്ക്കരിച്ചു വരികയാണെന്നും കേന്ദ്രമന്ത്രി അറിയിച്ചു.

✪✪✪

രാജ്ഭവനിൽ  കൃഷിവകുപ്പ് രാവിലെ നടത്താനിരുന്ന പരിസ്ഥിതി ദിനാഘോഷ പരിപാടി  സെക്രട്ടേറിയറ്റ് ദർബാർ ഹാളിലേക്ക്  മാറ്റി.  ഗവൺമെന്റ് നേരത്തെ നിശ്ചയിച്ച പരിപാടിയിൽ നിന്ന് വ്യതിചലിക്കാനാവില്ലെന്ന് അറിയിച്ചായിരുന്നു വേദി മാറ്റം.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാജ്ഭവനിലെ പരിസ്ഥിതി ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. രാജ്ഭവൻ വളപ്പിൽ ഗവർണർ വൃക്ഷത്തൈയും നട്ടു.

✪✪✪

രാജ്ഭവനിൽ കൃഷിവകുപ്പ് രാവിലെ നടത്താനിരുന്ന പരിസ്ഥിതി ദിനാഘോഷ പരിപാടി സെക്രട്ടേറിയറ്റ് ദർബാർ ഹാളിലേക്ക് മാറ്റി. ഗവൺമെന്റ് നേരത്തെ നിശ്ചയിച്ച പരിപാടിയിൽ നിന്ന് വ്യതിചലിക്കാനാവില്ലെന്ന് അറിയിച്ചായിരുന്നു വേദി മാറ്റം.

ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ രാജ്ഭവനിലെ പരിസ്ഥിതി ദിനാചരണ പരിപാടികൾ ഉദ്ഘാടനം ചെയ്തു. രാജ്ഭവൻ വളപ്പിൽ ഗവർണർ വൃക്ഷത്തൈയും നട്ടു.

✪✪✪

കാലാവസ്ഥാ വ്യതിയാനം പരിസ്ഥിതി നാശം എന്നിവ സൃഷ്ടിക്കുന്ന പ്രതിസന്ധികൾക്കിടെ ആവാസവ്യവസ്ഥയുടെ സംരക്ഷണം കൂട്ടായ ഉത്തരവാദിത്തമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. നാടിന്റെ വികസനം സുസ്ഥിരവും പ്രകൃതി സൗഹാർദം മുൻനിർത്തിയാകണമെന്നും പരിസ്ഥിതി ദിന സന്ദേശത്തിൽ മുഖ്യമന്ത്രി പറഞ്ഞു.

✪✪✪

ലോക പരിസ്ഥിതി ദിനത്തോട് അനുബന്ധിച്ച്, 'ഒരു തൈ നടാം' ജനകീയ ക്യാമ്പയിൻ ക്ലിഫ് ഹൗസ് അങ്കണത്തിൽ വൃക്ഷത്തൈ നട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാനത്ത് ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 30 വരെ ക്യാമ്പയിൻ നടത്തുന്നത്.

✪✪✪

സംസ്ഥാന പരിസ്ഥിതി - കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടറേറ്റ് ഏർപ്പെടുത്തിയ 2025 ലെ സംസ്ഥാന പരിസ്ഥിതിമിത്രം പുരസ്കാരത്തിന് ഗുരുവായൂർ നഗരസഭയെ തിരഞ്ഞെടുത്തു. പുരസ്കാരം വൈകിട്ട് തിരുവനന്തപുരത്ത് ലോക പരിസ്ഥിതി ദിനാചരണത്തിന്റെ സംസ്ഥാനതല ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ സമ്മാനിക്കും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഭരിത പ്രതാപ്.

...........( Voice )...................

✪✪✪

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനതല പരിസ്ഥിതി ദിനാചാരണം ദേവഗിരി സെന്റ് ജോസഫ്സ് കോളേജിൽ നടത്തി. മലബാർ ബൊട്ടാണിക്കൽ ഗാർഡൻ, ജലവിഭവ വികസന വിനിയോഗ കേന്ദ്രം തുടങ്ങിയവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിച്ചത്. വിവിധ സെഷനുകളിൽ ശാസ്ത്രജ്ഞരും വിദ്യാഭ്യാസ വിദഗ്ധരും പ്രഭാഷണം നടത്തി.

✪✪✪

തൃശ്ശൂർ ജില്ലാ ഭരണകൂടവും DTPC യും ഏൻഡൂറൻസ് അത്ലറ്റ്സ് ഓഫ് തൃശ്ശൂർ ഗ്രൂപ്പും ചേർന്ന് ലോക പരിസ്ഥിതി ദിനത്തിൽ കോൾ പാടത്തിലൂടെ ഓട്ടം സംഘടിപ്പിച്ചു. രാവിലെ 6 മണിക്ക് ആരംഭിച്ച ഓട്ടം ജില്ലാ കലക്ടർ അർജുൻ പാണ്ഡ്യൻ ഫ്ളാഗ് ഓഫ് ചെയ്ത് പരിപാടിയിൽ പങ്കാളിയായി.

സാധാരണ ടാർ റോഡിൽ നിന്നും വ്യത്യസ്തമായി തൃശ്ശൂർ പുഴക്കൽ കോൾ പാടത്തിലൂടെ പ്രകൃതി ഭംഗി ആസ്വദിച്ചു കൊണ്ട് മഴയത്താണ് ആറ് കിലോ മീറ്റർ ഓട്ടം നടത്തിയത്.

✪✪✪

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ആകാശവാണി കണ്ണൂർ നിലയം കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗ മത്സരം സംഘടിപ്പിച്ചു. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ S.വൈശാഖ് ഉദ്ഘാടനം ചെയ്തു.

✪✪✪

ജമ്മു കശ്മീരിലെ ഉധംപൂർ - ശ്രീനഗർ - ബാരമുള്ള റെയിൽ ലിങ്ക്, പ്രധാനമന്ത്രി നരേന്ദ്രമോദി നാളെ രാഷ്ട്രത്തിന് സമർപ്പിക്കും. 44,000 കോടി രൂപ ചെലവിലാണ് പദ്ധതി പൂർത്തിയാക്കിയത്. ലോകത്തെ ഏറ്റവും ഉയരമേറിയ റെയിൽവേ ആർച്ച് പാലമായ, ചെനാബ് ബ്രിഡ്ജും, കേബിൾ സ്റ്റെയ്ഡ് അൻജി റെയിൽ പാലവും ഇതോടൊപ്പം അദ്ദേഹം ഉദ്ഘാടനം ചെയ്യും. രണ്ട് വന്ദേഭാരത് ട്രെയിനുകളും പ്രധാനമന്ത്രി ഫ്ളാഗ് ഓഫ് ചെയ്യും.

✪✪✪

ബംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിലെ തിക്കിലും തിരക്കിലും ഇന്നലെ വൈകിട്ട് 11 പേർ മരിച്ച സംഭവത്തിൽ സമർപ്പിച്ച ഹർജി കർണാടക

ഹൈക്കോടതി ഉച്ചകഴിഞ്ഞ് പരിഗണിക്കും. പരിപാടിയ്ക്ക് ഗവൺമെന്റ് ഏർപ്പെടുത്തിയ സുരക്ഷാ ഒരുക്കങ്ങളും, സജ്ജീകരണങ്ങളും അപകടകാരണവും ആവശ്യപ്പെട്ട് സമർപ്പിച്ച പൊതുതാൽപര്യ ഹർജിയാണ് ഹൈക്കോടതി പരിഗണിക്കുന്നത്.

സംഭവത്തിൽ നിഷ്പക്ഷ അന്വേഷണം നടത്താൻ ഗവർണർ താവർ ചന്ദ് ഗലോട്ട് സംസ്ഥാന ഗവൺമെന്റിന് നിർദ്ദേശം നൽകി. മരിച്ചവരുടെ ബന്ധുക്കളെ ഗവർണർ അഗാധ ദുഃഖവും അറിയിച്ചു. ദുരന്തത്തിൽ ജുഡീഷ്യൽ അന്വേഷണം നടത്തണമെന്ന് മുതിർന്ന BJP നേതാവും, മുൻ മുഖ്യമന്ത്രിയുമായ ബസവരാജ് ബൊമ്മെ ആവശ്യപ്പെട്ടു. ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടായ സുരക്ഷാ വീഴ്ചയാണ് ദുരന്തത്തിന് കാരണമെന്നും ബൊമ്മെ ആരോപിച്ചു.

✪✪✪

2027-ലെ ജനസംഖ്യാ സെൻസസിന്റെ വിജ്ഞാപനം ഈ മാസം 16-ന് പുറത്തിറക്കിയേക്കും. രണ്ട് ഘട്ടങ്ങളിലായി ജാതി സെൻസസിനൊപ്പം ജനസംഖ്യാ കണക്കെടുപ്പും നടത്താൻ ഇന്നലെയാണ് ഗവൺമെന്റ് തീരുമാനമെടുത്തത്. 2011 ലാണ് ഇതിനു മുൻപ് ജനസംഖ്യാ കണക്കെടുപ്പ് നടത്തിയത്. 2021 ൽ നടക്കേണ്ടിയിരുന്ന കണക്കെടുപ്പ് കോവിഡിനെ തുടർന്ന് ആരംഭിക്കാനായില്ല.

✪✪✪

രാജ്യത്ത് കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 4,866 ആയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. കേരളത്തിലാണ് കൂടുതൽ രോഗികൾ - 1,487 പേർ.

✪✪✪

രാജ്യത്ത് കോവിഡ് ബാധിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 4,866 ആയതായി ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം അറിയിച്ചു. കേരളത്തിലാണ് കൂടുതൽ രോഗികൾ - 1,487 പേർ.

✪✪✪

അഴിമതിയും പെരുമാറ്റദൂഷ്യവും നീതിന്യായ വ്യവസ്ഥയിലെ ജനവിശ്വാസത്തെ തകർക്കുമെന്ന് ചീഫ് ജസ്റ്റിസ് BR ഗവായ് മുന്നറിയിപ്പ് നൽകി. ഇത് നീതിന്യായ സംവിധാനത്തിന്റെ വിശ്വാസ്യതയ്ക്കും സമഗ്രതയ്ക്കും വെല്ലുവിളിയാകുമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. ഡൽഹി ഹൈക്കോടതിയിലെ ഒരു ജഡ്ജിയുടെ ഔദ്യോഗിക വസതിയിൽ നിന്ന് വൻ തുക കണ്ടെത്തിയതുമായി ബന്ധപ്പെട്ടായിരുന്നു ചീഫ് ജസ്റ്റിസിന്റെ പ്രതികരണം. UK സുപ്രീം കോടതി

സംഘടിപ്പിച്ച വട്ടമേശ സമ്മേളനത്തിലാണ് ജസ്റ്റിസ് ഗവായ് അഭിപ്രായം പ്രകടിപ്പിച്ചത്.

✪✪✪

ഹജ്ജ് കർമ്മത്തിലെ സുപ്രധാന ചടങ്ങുകളിലൊന്നായ അറഫാ സംഗമം ഇന്ന്. ഹജ്ജിന്റെ പൂർണതയ്ക്ക് അറഫാ സംഗമത്തിൽ നിർബന്ധമായും പങ്കെടുക്കണം. 18 ലക്ഷത്തോളം പേർ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അറഫാ സംഗമത്തിൽ പങ്കെടുത്ത ശേഷം ഇന്ന് സന്ധ്യയോടെ ഹാജിമാർ മുസ്ദലിഫയിലേക്ക് പുറപ്പെടും. മുസ്ദലിഫയിൽ അന്തിയുറങ്ങി നാളെ രാവിലെ ഹാജിമാർ മിനായിൽ തിരിച്ചെത്തും. നാളെ മുതൽ മൂന്ന് ദിവസം മിനായിൽ തങ്ങുന്ന ഹാജിമാർ ജംറയിൽ പോയി പിശാചിന്റെ പ്രതീകത്തിനു നേരെ കല്ലേറിയും. തുടർന്ന്, മസ്ജിദുൽ ഹറാമിലെത്തി തവാഹും സഈയും പൂർത്തിയാക്കുന്നതോടെ ഹജ്ജ് കർമ്മങ്ങൾക്ക് പരിസമാപ്തിയാകും.

✪✪✪

സംസ്ഥാനത്ത് ഹയർസെക്കന്ററി, VHSC പ്ലസ് വൺ പ്രവേശനത്തിന് ആദ്യ അലോട്ട്മെന്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് പ്രവേശനം നേടാൻ അനുവദിച്ച സമയം വൈകിട്ട് അഞ്ചിന് അവസാനിക്കും. ആദ്യ ഓപ്ഷനിൽത്തന്നെ അലോട്ട്മെന്റ് ലഭിച്ചവർ ഫീസും ബന്ധപ്പെട്ട രേഖകളും ഹാജരാക്കി സ്ഥിരം പ്രവേശനം നേടണം. അല്ലാത്തവർക്ക് ഫീസ് അടയ്ക്കാതെ താൽക്കാലിക പ്രവേശനം നേടാം. സമയപരിധിക്കകം പ്രവേശനം നേടാത്തവരുടെ അലോട്ട്മെന്റ് റദ്ദാകും. തുടർ-അലോട്ട്മെന്റുകളിൽ അവരെ പരിഗണിക്കുകയുമില്ല.

✪✪✪

സംസ്ഥാനത്തെ റോഡ് വികസനത്തിന് സമർപ്പിച്ച 6,700 കോടി രൂപയുടെ പദ്ധതിയ്ക്ക് കേന്ദ്രാനുമതി ലഭിച്ചതായി മന്ത്രി P.A മുഹമ്മദ് റിയാസ് ന്യൂഡൽഹിയിൽ അറിയിച്ചു. കേരളം കേന്ദ്രത്തിനു മുൻപിൽ സമർപ്പിച്ച പദ്ധതികളിൽ പതിനാലെണ്ണത്തിനാണ് അംഗീകാരം ലഭിച്ചത്.

ദേശീയ പാത - 66 ന്റെ മലപ്പുറം കൂരിയാട് ഭാഗത്ത് തകർന്ന റോഡ്, 380 മീറ്റർ വയഡക്ട് ആയി, കരാർ കമ്പനി സ്വന്തം ചിലവിൽ പുനർനിർമിക്കുമെന്നും ഡിസംബറോടെ ദേശീയ പാതയുടെ നിർമാണം പൂർണ്ണമായും പൂർത്തിയാക്കുമെന്നും കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി അറിയിച്ചതായി മന്ത്രി പറഞ്ഞു.

✪✪✪

സംസ്ഥാനത്ത് കാലവർഷത്തിന് ശക്തി കുറഞ്ഞു. ഇന്ന് ഒരു ജില്ലകളിലും ജാഗ്രതാ നിർദ്ദേശം നൽകിയിട്ടില്ല. ചിലയിടങ്ങളിൽ മഴ ഉണ്ടായേക്കുമെന്നാണ് കാലാവസ്ഥാ മുന്നറിയിപ്പ്.

കേരള - ലക്ഷദ്വീപ് തീരങ്ങളിൽ മീൻപിടുത്തത്തിനും വിലക്കില്ല.

✪✪✪

ശബരിമല പ്രതിഷ്ഠാ ദിനത്തിൽ സന്നിധാനത്ത് ഭക്തിസാന്ദ്രമായ ചടങ്ങുകൾ. മാളികപ്പുറം ക്ഷേത്രത്തിന് സമീപം നവഗ്രഹങ്ങൾക്കായി നിർമ്മിക്കുന്ന പുതിയ ശ്രീകോവിലിന്റെ പാദുകം വയ്പ്പ് ചടങ്ങ്, രാവിലെ നടത്തി. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സന്നിധാനത്ത് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് P.S പ്രശാന്തും, അംഗം A അജികുമാറും, ശബരിമല തന്ത്രിയും ചേർന്ന് മരത്തൈകൾ നട്ടു.

പമ്പയിൽ നിന്ന് ഇന്ന് വൈകിട്ട് അറുവരെ മാത്രമേ ഭക്തരെ സന്നിധാനത്തേയ്ക്ക് കയറിവിടുകയുള്ളൂ. തുടർന്ന് ഇന്ന് രാത്രി 10നു പൂജകൾ പൂർത്തിയാക്കി നട അടയ്ക്കും.

✪✪✪

സ്വർണവില ഉയർന്നു. പവന് 320 രൂപ വർദ്ധിച്ച് 73,040 രൂപയായി. 9,130 രൂപയാണ് ഗ്രാമിന്റെ വില.

✪✪✪

---

*News Editor : ശ്രുതി*
*News Reader : അനുഷ ആത്മപ്രകാശ്*
*NRT'S: അനിൽ ചന്ദ്രൻ*
*DEO: ഷീബ*